Malayalam

# ഇടക്കിടെ ചോദിക്കുന്ന ചോദ്യങ്ങൾ:

## പ്രഥമ ഭാഷ വികസിപ്പിക്കാൻ എന്റെ കുട്ടിയെ ഞാൻ എങ്ങിനെയാണ് സഹായിക്കുക?

വീട്ടിൽ പ്രഥമ ഭാഷ ഉപയോഗിക്കുക , അതിൽ ലഭ്യമായ നല്ല പുസ്തകങ്ങൾ വാങ്ങുക.

## എന്റെ കുട്ടി ഭാഷകൾ കലർത്തി സംസാരിക്കുന്നു . അതിൽ ആശങ്കപ്പെടേണമോ?

രണ്ടു ഭാഷകൾ കൈകാര്യം ചെയ്യുന്ന കുട്ടികൾ, ഭാഷകൾ കലർത്തി സംസാരിക്കുന്നത് സാധാരണയാണ്.അവർക്ക് ആശയക്കുഴപ്പമുണ്ടെന്നു അതിനർത്ഥമില്ല. ആശയം പ്രകടമാക്കാൻ അവർക്കു അറിയാവുന്ന ഭാഷകൾ അവർ ഉപയോഗിക്കുന്നു എന്ന് മാത്രം

## എന്റെ കുട്ടി എന്നോട് ഇംഗ്ലീഷിൽ മാത്രമേ സംസരിക്കൂ. ഞാൻ എന്തു ചെയ്യണം?

മിക്ക കുട്ടികളും അങ്ങിനെ തന്നെയാണ് ചെയുന്നത്. പ്രത്യേകിച്ചും, മാതാപിതാക്കൾ ഇംഗ്ലീഷ് നന്നായി മനസ്സിലാകുമെന്ന് അവർക്ക് അറിയാവുന്ന സാഹചര്യത്തിൽ.

മാതാപിതാക്കൾ വീട്ടിൽ മാതൃഭാഷ ഉപയോഗിച്ചാൽ , അവർക്ക് പെട്ടെന്ന് മാതൃഭാഷയിലേക്ക് മാറാൻ കഴിയും.

## എന്റെ കുട്ടി സ്കൂളിൽ അധികം ഇംഗ്ലീഷ് സംസാരിക്കാറില്ല. വീട്ടിൽ ഞാൻ ഇംഗ്ലീഷിൽ സംസരിക്കണമോ ?

പല കുട്ടികളും, പുതിയ ഭാഷ കുറച്ചുനാളത്തേക്ക് സംസാരിക്കാൻ മടിക്കും. ചിലപ്പോൾ മറ്റുള്ളവർ മുന്നിലുള്ളതിനാലാകാം, അല്ലെങ്ങിൽ നന്നായി സംസാരിക്കാൻ കഴിയുന്നതുവരെ താത്പര്യം കാട്ടാത്തതാകാം. ഈ "നിശ്ശബ്ദ ഘട്ടം" മാനിക്കണം. അവരോട് പ്രഥമ ഭാഷ സംസാരിക്കുന്നത് തുടരുക. അതല്ലെങ്ങിൽ, മുൻപേ അറിയാവുന്നത് പോലും അവർക്ക് നഷ്ടപ്പെടുകയും, സ്ഥിതി കൂടുതൽ വഷളമാവുകയും ചെയ്യും.

## കൂടുതൽ വിവരങ്ങൾക്ക്

www.hants.gov.uk/emtas

Sept 2014

Hampshire Services

EMTAS

# ദ്വിഭാഷാപ്രാപ്തമായി നിങ്ങളുടെ കുട്ടിയെ വളർത്തൽ

(Bringing up your children bilingually)



Hampshire County Council

**പഠനങ്ങൾ പറയുന്നത്:**

ദ്വിഭാഷ പ്രാപ്തരായ കുട്ടികൾ...

- സ്കൂളിൽ മികവു കാട്ടുന്നു
- പരീക്ഷകളിൽ ഉയർന്ന ഗ്രേഡ് നേടുന്നു.
- മൂന്നാമതൊരു ഭാഷ വളരേ വേഗം പഠിക്കുന്നു
- മാതൃഭാഷയിൽ നല്ല അടിത്തറയോടെ സ്കൂളിൽ ചേരുന്ന കുട്ടികൾ, സ്കൂൾ ഭാഷയിലേയും സാക്ഷരതാ ശേഷിയിൽ ഉയർച്ച കാണിക്കുന്നു.
- രണ്ടു വ്യത്യസ്ത ഭാഷകളിൽ വിവരങ്ങൾ അപഗ്രഥിക്കുന്നതിന്റെ ഫലമായി, അവരുടെ ചിന്തകളുടെ വഴക്കം വികസിപ്പിക്കുന്നു
- പ്രശ്നങ്ങൾ പരിഹരിക്കുനത്തിൽ മികവ് കാട്ടുകയും , കൂടുതൽ ക്രിയാത്മകത പ്രകടമാക്കുകയും ചെയ്യുന്നു.

‘പ്രഥമ ഭാഷ തത്സമയം തുടർന്നും വികസിപ്പിച്ചാൽ, കുട്ടികൾ ഇംഗ്ലീഷും കൂടുതൽ ഫലപ്രദമായി പഠിക്കും’

## ദ്വിഭാഷിയായിരിക്കുന്നതിനാലുള്ള നേട്ടങ്ങൾ :

രണ്ടോ അതിൽ കൂടുതൽ ഭാഷകൾ സംസരിക്കുനവർക്ക്, വിലപ്പെട്ട, അധിക വൈദഗ്ദ്ധ്യം ലഭിക്കുന്നു. വിപുലമായ ജോലി സാധ്യതകളും ഉണ്ടായിരിക്കും.

ദ്വിഭാഷിയായ കുട്ടികൾക്ക് ആത്മാഭിമാനം വർദ്ധിക്കുകയും സ്വാഭിമാനിയായി സുസ്സവിശേഷബോധവും വർദ്ധിക്കുന്നു.

ദ്വിഭാഷിയായ കുട്ടികൾ രണ്ടു സംസ്കാരങ്ങളായും അടുക്കുന്നു. മറ്റു സംസ്കാരങ്ങളോടു കൂടുതൽ സഹിഷ്ണുതയും വളർത്തുന്നു.

സ്വന്തം ഭാഷ - സംസ്കാരത്തെകുറിച്ചു അഭിമാനം കൊള്ളുന്ന കുട്ടികൾ അവരുടെ സംസ്കാര തനിമ നഷ്ടപ്പെടാതെ സൂക്ഷിക്കുന്നു.

മുത്തശ്ശിയോടും മുത്തശ്ശനോടും സംസാരിക്കയാൽ, തറവാടുമായുള്ള അടുപ്പം വികസിക്കുന്നു.

പിതാവും മാതാവും വ്യത്യസ്ത ഭാഷയാണ് സംസാരിക്കുന്നതെങ്കിൽ , ദ്വിഭാഷിയായ കുട്ടിക്ക് ഇരുവരോടും ആശയവിനിമയം നടത്താനും , അടുത്ത ബന്ധം വളർത്താനും കഴിയുന്നു . മാതാപിതാക്കൾ ഇരുവരും അവരുടെ ഭൂതകാലതിന്റെയും, പാരമ്പര്യത്തിന്റെയും ഭാഗമാണ് പകർന്നുകൊടുക്കുന്നത്.

## മാതാപിതാക്കൾക്കുള്ള ഉപദേശം :

ഗ്രഹിക്കാൻ കഴിയാത്ത കൊച്ചു കുട്ടിയായിരിക്കുമ്പോൾ പോലും നിങ്ങളുടെ കുട്ടിയോട് പ്രഥമ ഭാഷ സംസാരിക്കുക

·നിങ്ങളുടെ മാതൃഭാഷയിൽ കുട്ടികളെ നെഴ്സറി ഗാനഗളും, ചൊല്ലുകളും പഠിപ്പിക്കുക.

·നിങ്ങളുടെ മാതൃഭാഷയിൽ കുട്ടികൾക്ക് കഥകൾ വായിച്ചുകൊടുത്താൽ , അവർക്ക് തന്റേതായ സംസ്കാരത്തെ പറ്റി സ്വാഭിമാനവും ആത്മാഭിമാനവും തോന്നും.

·പരസ്യമായി മാതൃഭാഷയിൽ സംസാരിക്കാൻ മടികാണിക്കാതിരിക്കുക.

·സാമൂഹ്യ-സംസ്കാര ഒത്തുചേരലുകളിൽ നിങ്ങളുടെ കുട്ടികളേക്കൂടെ കൊണ്ടുപോവുക. മറ്റുള്ളവർ മാതൃഭാഷ സംസാരിക്കുന്നത് കേൾക്കുവാനും, കുട്ടിയുടെ സംസ്കാരത്തെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ച്ചയുണ്ടാകുവാനും അത് സഹായിക്കും.

·കുട്ടികൾ, ഉച്ചാരണപ്പിശകോ, തെറ്റുകളോ വരുത്തിയാൽ, ചിരിക്കുകയോ അവരെ കളിയാക്കുകയോ ചെയ്യരുത്.

·കുട്ടിയുടെ പ്രധമഭാഷയിൽ പഠിച്ച ആശയങ്ങളും വൈദഗ്ദ്ധ്യവും രണ്ടാംഭാഷയിലേക്കും കടന്നുവരുമെന്നു പഠനങ്ങൾ കാണിക്കുന്നു. രണ്ടാമതൊരുഭാഷ അറിയുന്നത് ഒരു വിഘ്നമല്ല , ബോണസ്സാണ്